പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6721 12-07-2012-ൽ മറുപടിയ്ക്ക്

## സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ.രാജേഷ് | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സ്കൂൾ വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്പോർട്സ് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിയുടെ പോരായ്മകൾ പരിഹരിക്കുമോ ; ഈ പദ്ധതിയുടെ മോണിറ്ററിംഗ് എപ്രകാരമാണ് ; | (എ) സംസ്ഥാനത്ത് സ്കൂളുകളിൽ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം തത്വത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപ്പിലാക്കിയ പദ്ധതിയാണ് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി. ഈ പദ്ധതിയുടെ പോരായ്മകൾ പരിഹരിയ്ക്കുന്നതിനായി ഈ വർഷം മുതൽ എല്ലാ കുട്ടികൾക്കും, 6 ആഴ്ച ട്രെയിനിംഗ് നൽകിയതിനുശേഷം ടെസ്റ്റ് നടത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 2 ഘട്ടത്തിൽ മോണിറ്ററിംഗ് നടത്തുന്നു. ഒന്നാം ഘട്ടത്തിൽ കായികാദ്ധ്യാപകർ കുട്ടികളുടെ കായികക്ഷമത അളന്ന് കമ്പ്യൂട്ടറിൽ അപ്‌ലോഡ് ചെയ്യുന്നതനുസരിച്ച് സോഫ്റ്റ് വെയർ ഉപയോഗിച്ച് ഗ്രേഡ് നിർണ്ണയിക്കുകയും. ഒന്നാം ഘട്ടത്തിൽ മികവു പുലർത്തുന്നവർക്ക് രണ്ടാം ഘട്ടത്തിൽ ടെസ്റ്റിംഗ് നടത്തും. രണ്ടാംഘട്ട ടെസ്റ്റ് റിസൾട്ട് കമ്പ്യൂട്ടർ സഹായത്തോടെയാണ് നിർണ്ണയിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | ഹൈസ്കൂൾ ക്ലാസ്സുകളിലെ എല്ലാ പെൺകുട്ടികൾക്കും 'സെൽഫ് ഡിഫൻസ്' പരിശീലനം നൽകുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ ; ഈ അദ്ധ്യയനവർഷം തന്നെ ഈ പദ്ധതി നടപ്പിൽ വരുത്തുമോ ; | (ബി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | പെൺകുട്ടികൾക്കായുള്ള തായ്ക്വോൺടോ പരിശീലനം ആലപ്പുഴ ജില്ലയിൽ എത്ര സ്കൂളുകളിൽ നടപ്പിലാക്കി ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഈ പദ്ധതിയിൽ കൂടുതൽ സ്കൂളുകളെ ഉൾപ്പെടുത്തുമോ ? | (സി) | ആലപ്പുഴ ജില്ലയിൽ 2011-12 വർഷം താഴെ പറയുന്ന സ്കൂളുകളിൽ ടി പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br>1. സെന്റ് മേരീസ് എച്ച്.എസ്സ്.എസ്സ് ഫോർ ഗേൾസ്, ചേർത്തല,<br>2. സെന്റ് ഫ്രാൻസിസ് അസീസി എച്ച്.എസ്സ്.എസ്സ്, ആർത്തുങ്കൽ,<br>3. എൽ.ഇം.എച്ച്.എസ്സ്.എസ്സ്, പച്ച, അമ്പലപ്പുഴ.<br>4. സെന്റ് ജോസഫ് ജി.എച്ച്.എസ്സ്.എസ്സ്, ആലപ്പുഴ.<br><br>പ്രസ്തുത പരിശീലനം നടപ്പാക്കുന്നതിന് വേണ്ടി 2012-13 -ൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ